ഭരണ ഭാഷ-മാതൃഭാഷ

# GOVERNMENT OF KERALA

നം.439/ഡി2/18/സാ.നീ.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 19.11.2018

സ്പെഷ്യൽ സെക്രട്ടറി

എല്ലാ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും

സർ,

വിഷയം - സാമൂഹ്യ നീതി വകുപ്പ് -കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ-എൻ.എച്ച്.എഫ്.ഡി.സി-ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് വാഹന/ഉപകരണ വായ്പ നൽകുന്നത്-പരസ്യം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന -- വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 17.11.2018-ലെ 3607/ബി1/2018/വി.ക്ഷേ.കോ നമ്പർ കത്ത്

സൂചനയുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി കേരളത്തിലെ ഭിന്നശേഷിക്കാരായ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സഹകരണ മേഖല ജീവനക്കാരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി 6% പലിശ നിരക്കിൽ വാഹന/ഉപകരണ വായ്പ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് 1% പലിശ ഇളവ് ശ്രവ്യ/കാഴ്ച/മാനസിക വൈകല്യം ഉള്ളവർക്ക് 0.5% പലിശ ഇളവ് എന്നിവ ഉണ്ടായിരിക്കും. പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ കോർപ്പറേഷന് സഹായകരമാകുന്ന ഈ പദ്ധതി പ്രകാരം വാഹന/ഉപകരണ വായ്പ നൽകുന്ന വിവരം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സഹകരണ മേഖലയിൽ ജോലി ചെയ്യുന്ന അംഗപരിമിതർക്ക് അറിയിപ്പ് നൽകുന്നതിന് ഇതോടൊപ്പമുള്ള നോട്ടീസ് താങ്കളുടെ ഓഫീസിലെ ഭിന്നശേഷിക്കാരായ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും ഇതോടൊപ്പമുള്ള നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ